കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്
2015-16

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി.17/2140/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി – 31.12.2016

ഇ-മെയിൽ - dopkd.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ- 04912520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കേരളശ്ശേരി ഗ്രാമപഞ്ചായത്ത് - 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3) കാര്യാലയ പകർപ്പ്

നം കെ എസ് എ-പികെഡി17/2140/2016 തിയ്യതി: 31.12.2016

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-5-16 മുതൽ 30-10-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിൻെറ വിവരം, നിർവ്വഹണാധികാരികൾ തുടങ്ങിയ വിവരങ്ങൾ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | എൻ.എൻ.മുരളീധരൻ | അസി. ഓഡിറ്റ് ഓഫീസർ |
| 2 | സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ഫസീല.കെ.എ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു കൃഷ്ണദാസ് | 01-04-2015 മുതൽ 31-03-2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.ജലജ.സി | 1-04-2015 മുതൽ 31-03-2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അരുൺകുമാർ കെ.വി | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ലത.പി.എൻ | 1-4-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.മേരി.ജൂലിയറ്റ് | 01-04-2015മുതൽ 31-03-2016 വരെ |
| വി.ഇ.ഒ | ശ്രീ.ധന്യ.ടി.വി | 1-4-2015 മുതൽ 31-03-2016 വരെ |
| പ്രധാനാധ്യാപകൻ | ശ്രീ.ഇ.എസ്.പരമേശ്വരൻ | 01-04-2015 മുതൽ 3-06-2015 വരെ |
| | രാജൻ | 4-6-15 മുതൽ 13.1.2016 വരെ |
| | രമണി | 14-1.16 മുതൽ 31.3.-2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.സുശീല.ടി.ആർ | 01-04-2015 മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.മുരളീധരൻ | 01-04-2015 മുതൽ 31.3.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.അരുണ | 01-04-2015 മുതൽ 8-09-15 വരെ |
| | ശ്രീ.ഹരികൃഷ്ണൻ | 9-09-2015 മുതൽ 31.3.2016 വരെ |

ഭാഗം-I

ഉള്ളടക്കം

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതുഅവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം – II

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം, 19(1)

1996-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | തൊഴിൽനികുതി – അപാകതകൾ | 2(1) |
| 2 | പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം | 2(2) |
| 3 | സാംഖ്യ സ്റ്റേഷനറി/രശീതി സൂക്ഷിപ്പിലെ അപാകതകൾ | 2(3) |
| 4 | വസ്തു നികുതി – അപാകതകൾ | 2(4) |
| 5 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2(5) |

ഭാഗം – III

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം, 19(1) 1996-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ ചെലവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | കാർഷിക തൊഴിൽസേന-അവലോകനം | 3(1) |
| 2 | അസി.സെക്രട്ടറി നിർവ്വഹണ നടത്തിയ പ്രൊജക്ടുകൾ | 3(2) |
| 3 | മീഡിയാശ്രീ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3(3) |
| 4 | ആശ്രയ പദ്ധതി ഫലപ്രദമായി നടന്നിട്ടില്ല | 3(4) |
| 5 | തെരുവ് വിളക്ക് പരിപാലനം-അവലോകനം | 3(5) |

ഭാഗം – IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 28.3.15 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ

ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 29.7.16 | 18.8.2016 | 4.10.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12313940 |
| വരവ് | 27246087 |
| ആകെ | 39560027 |
| ചെലവ് | 37169255 |
| നീക്കിയിരിപ്പ് | 2390772 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | ആകെ വരവ് | ആകെ തുക | ചെലവ് തുക | ട്രഷറി അക്കൗണ്ടിലേക്ക് തിരിച്ചടച്ച തുക | നീക്കി ബാക്കി (RP40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫ ണ്ട് (ജനറൽ) | 161599 | 4290382 (T. C) +1963550(*) | 6415531 | 5013241(**) | 1402290 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 3632341 | 5657547 | 9289888 | 6641606 | 2648282 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1182618 | 4842000 | 6024618 | 5476082 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1138556 | 2320000 | 3458556 | 2812816 | - | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 814946 | 3514922 | 4329868 | 3114096 | 1215772 | |
| ലോക ബാങ്ക് സഹായം | 1548000 | 418000 | 1966000 | 1539672 | 426328 | |

(*) 1963550-consolidated Fund Receipt

(**) 5013241= 104550 (O.B )+ 2945141 (Exp from Transfer credit)+1963550 (consolidated fund exp )

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 36650476 | 113 | 24168477 | 1 | 20 | 84% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 1849000 | 1236550 | 67 |
| വെറ്ററിനറി സർജ്ജൻ | 2 (സ്പിൽ ഓവർ) | 2 | 600000 | 50000 | 8 |
| വി.ഇ.ഒ. | 7 | 6 | 2807000 | 2046200 | 73 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 2745410 | 1646203 | 60 |
| സെക്രട്ടറി | 12 | 11 | 2168129 | 1826777 | 84 |
| അസി. സെക്രട്ടറി | 10 | 7 | 5197500 | 1553500 | 30 |
| എച്ച്.എം. | 1 | 1 | 429508 | 429508 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| അസി.എഞ്ചിനീയർ | 87 | 72 | 20553929 | 15079739 | 73 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 48 ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2176544 | 1107950 | (-)1068594 |
| നികുതിയേതര വരവുകൾ | 140984 | 63336 | (-)77648 |

| | | | |
|---|---|---|---|
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 146000 | 104839 | (-)41161 |
| ആകെ | 2463528 | 1276125 | (-)1187403 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1 | 1 | - | - |
| 2 | തൊഴിൽ രഹിത വേതനം | 5 | 5 | - | - |
| 3 | വിധവാ പെൻഷൻ | 50 | 50 | - | - |
| 4 | വികലാംഗ പെൻഷൻ | 5 | 5 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 212 | 212 | 29 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-11-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2008/- (രണ്ടായിരത്തി എട്ട് രൂപ ) നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25-08-16 | 7/2016 | 23-09-2016 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-8-13 മുതൽ 11-09-2013 | 2008-09 മുതൽ 2012-13 | LBA(HQ)V/84-1991/ 13-14/160 dt 7-10-2013 |

## 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകതകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീ ഭഗവതി സംരക്ഷണ വിദ്യാ നികേതൻ, അമൃത ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണിന്റെ പരിശോധനയിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള വേതനമോ മറ്റ് ആനുകൂല്യങ്ങളോ നൽകിയിട്ടില്ല. പൊതു വിദ്യാഭ്യസ വകുപ്പിന്റെ 14/2/2011ലെ ജി.ഒ.(എം.എസ്)36/2011 gednപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ മിനിമം വേതനം1/1/2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതിനു പുറമെ centralboard of secondary education01/(CBSE/Aff/circulars 29/7/2009 byelawrule3.3(V)പ്രകാരം സി.ബി.എസ്.ഇ സ്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവ്വീസിൽ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജിവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്തപക്ഷം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ശമ്പള നിരക്ക് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. (14.12.2012 ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉള്ള മിനിമം വേതനം- പ്രൈമറി സ്കൂൾ അധ്യാപകർക്ക് പ്രതിമാസം- 10000 രൂപയും, സെക്കൻഡറി സ്കൂൾ അധ്യാപകർക്ക് പ്രതിമാസം 20000 രൂപയുമാണ്). മേൽ നിരക്കിനേക്കാൾ കുറവായ ശമ്പളവും മറ്റാനുകൂല്യങ്ങളുമാണ് മേൽ പറഞ്ഞ സ്കൂളുകളുടെ റിട്ടേണുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സ്കൂളുകൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ ഉറപ്പുവരുത്തേണ്ടതാണ്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് പ്രസ്തുത സ്കൂളുകൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

## 2-2 പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

2008 – 2012 കാലയളവിൽ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ എണ്ണം, മേൽ കെട്ടിടങ്ങളിൽ നാളിതു വരെയായി പൂർത്തീകരണ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണയം നടത്തിയ കെട്ടിടങ്ങളുടെ എണ്ണം, അവയിൽ കാലാവധിക്കു ശേഷം പെർമിറ്റ് പുതുക്കിയവയുടെ എണ്ണം തുടങ്ങിയ വിവരങ്ങളോ അവയ്ക്കു മേൽ നിയമ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളോ ഒന്നും പെർമിറ്റ് രജിസ്റ്റർ അപൂർണ്ണമായതിനാൽ ലഭ്യമായിട്ടില്ല. 20-06-2007ലെ 24136/ആർ.എ1/2007/തസ്വഭവ സർക്കുലറിലെ അനുബന്ധം ഒന്ന് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. 02-12-2015ലെ 12900/ആർ.എ1/2015/തസ്വഭവ സർക്കുലറിലും ഇക്കാര്യം കർശനമായി പാലിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

## 2-3 സാംഖ്യ സ്റ്റേഷനറി/രശീതി സൂക്ഷിപ്പിലെ അപാകതകൾ

സാംഖ്യ രശീതികൾ കൈകാര്യം ചെയ്യുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സാംഖ്യ സ്റ്റേഷനറികൾ ഫ്രണ്ട് ഓഫീസിലേക്ക് ഇഷ്യൂ ചെയ്യുമ്പോൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ പേര്, തീയതി, എണ്ണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഒപ്പു വെയ്ക്കുന്നില്ല. രശീത് സ്റ്റോക്ക് രജിസ്റ്റർ പേജ് നം 47ൽ ഫ്രണ്ട് ഓഫീസ് രജിസ്റ്ററിൽ സാംഖ്യ രശീതികളുടെ സ്റ്റോക്ക് 24-02-15 ന് 0 ആയി രേഖപ്പെടുത്തിയിട്ടുണ്ട്. 30-10-15 തീയതിയിൽ 9000 എണ്ണം (66001-75000) സ്റ്റോക്ക് എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 28-11-15 ന് 900 എണ്ണം (66001-66900) ഫ്രണ്ട് ഓഫീസിലേക്ക് ഇഷ്യൂ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്.കസ്റ്റോഡിയൻ ഓഫീസർ ഈ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പ്രകാരം ഇതിനു ശേഷവും സാംഖ്യ ക്യാഷ് രശീതുകൾ ഫ്രണ്ട് ഓഫീസ് ഉപയോഗത്തിന് നൽകിയിട്ടുണ്ട്. 2011ലെ കേ.പ.രാ (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83ൽ അനുശാസിക്കുന്ന വിധം രശീതുകൾ കൈകാര്യം ചെയ്യേണ്ടതാണ്.

## 2-4 വസ്തു നികുതി നിർണ്ണയം -അപാകതകൾ

എ)ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ കുറവ്

കെട്ടിടങ്ങളുടെ വസ്തുനികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർ നിർണ്ണയിച്ചതിൽ അപാകതകൾ കാണുന്നു. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാതിരുന്നിട്ടും അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചതിന്റെ ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ടപ്രകാരം പുനർ നിർണ്ണയിച്ച യഥാർത്ഥ നികുതി | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 7/225 | തഹസിൽദാർ, താലൂക്ക് ഓഫീസ്, കേരളശ്ശേരി | 379 | 2000 | 996 | 1004 |
| 2 | 4/5 | പ്രഭാകരൻ, പട്ടത്ത്, കുണ്ടളശ്ശേരി | 39 | 360 | 103 | 257 |

ബി)പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

ഉദാ:- വാർഡ് 2ൽ കെട്ടിട നം.299, വാർഡ് 7ൽ 473

സി)ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ അസസ്മെന്റ് ചെയ്ത് ഡിമാന്റ് ചെയ്തിട്ടില്ല.

ഉദാ:- വാർഡ് 7ൽ കെട്ടിട നം.499B, 499C, 483C.

ശരിയായി നികുതി നിർണ്ണയം നടത്തി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-5 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള

പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകൾ ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി താഴെ ചേർത്തിട്ടുള്ള വ്യക്തികളുടെ ഫാമുകൾക്ക് ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ബാധകമായ ചട്ടങ്ങൾ പാലിച്ച് കൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | I/41 | വാസുദേവൻ, പുലരി, വടശ്ശേരി, കേരളശ്ശേരി. |
| 2. | XIII/331 | ഒ.എൻ.ജാനകി അമ്മ, ഊരോക്കോട് പുത്തൻവീട്, തടുക്കശ്ശേരി. |
| 3. | XIII/299 | കാർത്ത്യായനി അമ്മ, മലയരുകിൽ വീട്, തടുക്കശ്ശേരി. |
| 4. | IV/274,275 | മാധവി, കിഴക്കേകര വീട്, കുണ്ടളശ്ശേരി, കേരളശ്ശേരി. |
| 5. | II/48A | സി.വി.പ്രതിഭ, ഉള്ളാട്ടിൽ ഹൗസ്, വി.പി.തറ, ഊട്ടറ, കൊല്ലങ്കോട്. |
| 6 | V/202,204 | ചന്ദ്രിക&അനന്തനാരായണൻ, കുളത്തൂർ വീട്, കുണ്ടളശ്ശേരി |

ഫീസ് ഈടാക്കി ലൈവ്സ്റ്റോക്ക് ലൈസൻസ് നല്കുന്നുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിനുമറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അപേക്ഷകൾ പരിശോധിച്ചതിൽ ഒരു ഇനത്തിൽ മാത്രമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. 1996ലെ കോ.പ.രാ (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ പട്ടിക ഒന്ന് പ്രകാരം കോഴികളുടെ സംഭരണം, വിൽപന എന്നിവയ്ക്കും ഫീസ് ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കേരളശ്ശേരി കാർഷിക തൊഴിൽസേന-അവലോകനം

കേരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 2014-15 വർഷത്തിലാണ് തൊഴിൽസേന രൂപീകരിച്ചത്.പി.കെ.ഡി/സി.എ /542/14 എന്ന നമ്പറിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിൽസേന 18-11-15 ന് നിലവിൽ വന്നു. ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള 15 കർഷകത്തൊഴിലാളികൾ ഇതിലെ അംഗങ്ങളാണ്. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിലെ പ്രൊഫ & ഹെഡ് .ഡോ. ജയകുമാറിന്റെ നേതൃത്വത്തിൽ കാർഷിക യന്ത്രോപകരണങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സേനാംഗങ്ങൾക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. (പ്രോജക്ട് നം 74/2015 വികസനഫണ്ട് - 200000 ). 2015-16 ൽ വികസനഫണ്ട് ഉപയോഗിച്ച് വാങ്ങി ലഭ്യമാക്കിയ 1 നടീൽയന്ത്രം,2 കോണോവീഡർ,2 പവർ സ്പ്രയർ , 2 വീഡ്കട്ടർ എന്നിവയും ( പ്രോജക്ട് നം 73/2016 വികസനഫണ്ട് - 319000) കൃഷി വകുപ്പിൽ നിന്ന് ലഭിച്ച നടീൽയന്ത്രം,സംയുക്തപാടശേഖരസമിതി രേഖാമൂലം കൈമാറി നൽകിയ ട്രാക്ടർ എന്നിവയാണ് തൊഴിൽസേനയുടെ കൈവശം നിലവിലുള്ള ഉപകരണങ്ങൾ. ഇവ സെക്രട്ടറി /പ്രസിഡന്റ് എന്നിവരുടെ അധീനതയിൽ പ്രത്യേക ഷെഡ്ഡിലാണ് സൂക്ഷിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ,വൈസ് പ്രസിഡന്റ്,കൃഷി ഓഫീസർ ,വികസനകാര്യചെയർമാൻ,ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ,കമ്മിറ്റി അംഗങ്ങൾ എന്നിവരടങ്ങുന്ന സമിതിയാണ് തൊഴിൽസേനയുടെ പ്രവർത്തനം വിലയിരുത്തുന്നത്. സമിതി എല്ലാ മാസങ്ങളിലും യോഗം ചേർന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. 4-11-2016 ലാണ് അവസാനയോഗം ചേർന്നിരിക്കുന്നത്.പഞ്ചായത്തിലെ ഏകദേശം 420 ഓളം നെൽകർഷകർക്കും 180ഓളം വരുന്ന പറമ്പ് കർഷകർക്കും ഉപയോഗപ്രദമാണ് ഈ തൊഴിൽസേന.ട്രാക്ടർ പൂട്ടുന്നതിന് മണിക്കൂറിന്

600രൂപയും 1 ഏക്കർ സ്ഥലത്ത് ഞാറ് പാകി നട്ടു കൊടുക്കുന്നതിന് 3400 രൂപയുമാണ് കർഷകരിൽ നിന്നും ഈടാക്കുന്നത് .ഇത് പുറമെയുള്ള നിരക്കിലും വളരെ കുറവാണ്.
തൊഴിൽസേനയുടെ സ്റ്റോക്ക് രജിസ്റ്റർ ,മിനിട്സ്,കാഷ്ബുക്ക്, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ മറ്റ് വരവ് ചെലവ് കണക്കുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.തട്ടുക്കശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ടിൽ (അക്കൗണ്ട് നം 5743 ) 5-11-16 ൽ 100435 രൂപ നീക്കിയിരിപ്പുണ്ട്.
പഞ്ചായത്തിലെ കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനുള്ള തീവ്രയജ്ഞത്തിലാണ് കേരളശ്ശേരി കാർഷികതൊഴിൽസേന.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) തൊഴിൽസേനയുടെ ഉപകരണങ്ങളും യന്ത്രങ്ങളും കൃഷി ഭവൻ പരിസരത്തു തന്നെ സൂക്ഷിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2) തൊഴിൽസേനയുടെ വാർഷിക കണക്കുകൾ തയ്യാറാക്കി സമിതിയുടെ അംഗീകാരത്തോടു കൂടി സൂക്ഷിക്കേണ്ടതാണ്. കൂടാതെ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാകുന്ന പക്ഷം bye law ൽ മാറ്റങ്ങൾ വരുത്തി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

3) തൊഴിൽസേനയുടെ ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾ നിലവിൽ സെക്രട്ടറിയാണ് നിർവ്വഹിക്കുന്നതെങ്കിലും അദ്ദേഹം കാർഷിക പ്രവർത്തികളിലും മുഴുവൻസമയം വ്യാപൃതനായതിനാൽ ജോലിഭാരം അനുഭവപ്പെടുന്നതായി അറിയിക്കുകയുണ്ടായി. ഈ പ്രശ്നം പരിഹരിക്കുന്നതിനായി നിയമന രീതി,യോഗ്യത, വേതനം തുടങ്ങിയ വ്യവസ്ഥകളെല്ലാമുൾക്കൊള്ളിച്ച് കൊണ്ട് bye law തയ്യാറാക്കി സമിതിയുടെ അംഗീകാരത്തോടു കൂടി ദിവസ വേതനാടിസ്ഥാനത്തിൽ ഒരു അക്കൗണ്ടന്റിനെ നിയമിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

4) കൃഷി ഭവനിൽ രൂപീകരിച്ചിട്ടുള്ള അഗ്രോ ക്ലിനിക്ക് സെന്ററിന്റെ ഭാഗമാക്കി തൊഴിൽ സേനയെ മാറ്റേണ്ടതും സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങിയ ആസ്തികൾ സ്വകാര്യ വ്യക്തികളിലേക്ക് കൈമാറിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-2 അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

പ്രോജക്ട് നം : 14/16 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ)

ഫണ്ട് : വികസന ഫണ്ട് (എസ്.സി.പി)

അടങ്കൽ : 400000

ചെലവ് :276000

ട്രഷറി ബിൽ നം : 6/15-16;19-02-16

നിർവ്വഹണോദ്യോഗസ്ഥൻ: അസി.സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള 69 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണമായി സ്റ്റീൽ മേശയും പ്ലാസ്റ്റിക് കസേരയും വാങ്ങി നൽകിയിട്ടുണ്ട്.12ാം സബ്സിഡി മാർഗ്ഗരേഖ ജി.ഒ .(എം.എസ്) 362 /2013 ത സ്വ ഭ വ തീയതി 16-11-13 പ്രകാരം ഒരു വിദ്യാർത്ഥിക്ക് 4000 രൂപയിൽ അധികരിക്കാതെ സ്റ്റീൽ / മരം ഫർണീച്ചറുകൾ വാങ്ങി നൽകുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെ പ്ലാസ്റ്റിക് കസേരകൾ വാങ്ങി നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 4/8-11-16 ന് 4000 രൂപയിൽ അധികരിക്കാത്ത നിരക്കിന് സ്റ്റീൽ / മരം ഫർണീച്ചറുകൾ ഗുണമേന്മയോടെ വിതരണം ചെയ്യാൻ കഴിയാത്തതിനാലാണ് ഇപ്രകാരം ചെയ്തതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 മീഡിയാശ്രീക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം : 133/16

ഫണ്ട് : വികസന ഫണ്ട്

അടങ്കൽ : 65000

ചെലവ് : 65000

ട്രഷറി ബിൽ നം : 3/15-16;20-08-1
നിർവ്വഹണോദ്യോഗസ്ഥൻ: അസി.സെക്രട്ടറി

കുടുംബശ്രീ സംസ്ഥാന മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മീഡിയാശ്രീ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 65000 രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഡി.ഡി.നം. 422778/3-09-15 പ്രകാരം നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-4 ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ആശ്രയ ഒന്നാംഘട്ട പദ്ധതിയിൽ 59 കുടുംബങ്ങളാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോൾ 20 കുടുംബങ്ങൾ മാത്രമാണ് ആശ്രയ പദ്ധതിയിൽ നില നിൽക്കേണ്ടവരായി ഉള്ളത്. ഇതിൽ തന്നെ 3 കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിനായി 45000 രൂപ പദ്ധതി തുക വകയിരുത്തിയെങ്കിലും ആരും തന്നെ തയ്യാറാകാത്തതിനാൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്ന് അസി.സെക്രട്ടറി അറിയിച്ചു. ആശ്രയ ഫണ്ടിൽ നിലവിൽ 825000 രൂപ നീക്കിയിരിപ്പുണ്ട്(A/C no 35520397368 -S B I കേരളശ്ശേരി ). രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ 135 കുടുംബങ്ങളെ സർവ്വേ പ്രകാരം കണ്ടെത്തുകയും ആയതിന് പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## 3-5 തെരുവുവിളക്ക് പരിപാലനം -അവലോകനം

കേരളസംസ്ഥാന വൈദ്യുതി ബോർഡിന്റെ കോങ്ങാട് പത്തിരിപ്പാല സെക്ഷനുകളിലായാണ് ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്കുകൾ സ്ഥിതി ചെയ്യുന്നത്. തെരുവുവിളക്കുകളുടെ എണ്ണം ഇനം ഇവ സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത് പ്രകാരം താഴെ പറയും പ്രകാരമുള്ള തെരുവുവിളക്കുകൾക്കാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത്.

ഇലക്ട്രിക്കൽ സെക്ഷൻ കോങ്ങാട്

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | 40 W Bulb | 296 |
| 2 | 2x11W C FL | 136 |
| 3 | 250 W SVL | 10 |
| ആകെ | | 442 |

ഇലക്ട്രിക്കൽ സെക്ഷൻ പത്തിരിപ്പാല

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | 40 W Bulb | 53 |
| 2 | 2x11 W C F L | 21 |

| | | |
|---|---|---|
| 3 | 250 W SVL | 2 |
| 4 | Tube | 1 |
| ആകെ | | 77 |

മേൽ കണക്കുകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 349 സാധാരണ ബൾബുകൾ ഉണ്ട്. 16-8-14 ലെ പുതുക്കിയ താരിഫ് പ്രകാരം 40 W സാധാരണ ബൾബുകൾക്ക് ഈടാക്കുന്ന വൈദ്യുതി ചാർജ്ജ് നിരക്ക് 61 രൂപയാണ്. 349 സാധാരണ ബൾബുകൾക്ക് 61 രൂപ നിരക്കിൽ 21289 ആകുമ്പോൾ 349 സി.എഫ്.എൽ വിളക്കുകൾക്ക് 14 രൂപ നിരക്കിൽ 4886 രൂപ മാത്രമാണ് ചാർജ്ജ് വരുന്നത് . 349 സാധാരണ ബൾബുകൾക്ക്പകരം അത്രയും തന്നെ സി.എഫ്.എൽ ലാമ്പുകൾ സ്ഥാപിക്കുന്ന പക്ഷം പ്രതിമാസം 16403 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ലാഭിക്കാവുന്നതാണെന്ന വസ്തുത അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.
പഞ്ചായത്ത് ഡയറക്ടറുടെ ജി2 44274 /2015/17-08-15 ഉത്തരവിലെ നിർദ്ദേശപ്രകാരം അടാട്ട് പഞ്ചായത്ത് മാതൃകയിലാണ് ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്ക് പരിപാലനം നടത്തുന്നത്. ഇതനുസരിച്ച് 700 രൂപ ദിവസവേതനത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് കെ.എസ്.ഇ.ബി.യിൽ നിന്നും വിരമിച്ച 2 ഇലക്ട്രീഷ്യന്മാരെ നിയമിച്ചിട്ടുണ്ട്. ഒരു മാതൃകാ തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. പ്രവർത്തികൾ കൃത്യമായി നിരീക്ഷിച്ച് വിലയിരുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

## 3-6 ഹോമിയോ മരുന്നുകൾ

പ്രോജക്ട്നം :s00 82/16 (ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ)
ഫണ്ട് : മെയിന്റനൻസ് ഫണ്ട് (റോഡിതരം )

അടങ്കൽ :100000 രൂപ

ബിൽ നം : 16/15-16 ;31-03-16

മേൽ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി കേരള സംസ്ഥാന ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസിയ്ക്ക് തുക നൽകിയിട്ടുണ്ടെങ്കിലും (D D No.142992 / 22-4-16 )നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് കൂടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങി നൽകുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. എന്നാൽ അതത് സമയങ്ങളിൽ ആവശ്യമായ മരുന്ന് എത്തിക്കാൻ കഴിയാതിരിക്കുന്നത് യഥാർത്ഥ ഗുണം രോഗികൾക്ക് ലഭ്യമാവാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 229500 | നെൽകൃഷി കൂലിച്ചെലവിന് ധനസഹായം | 229500 | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

## 4-4 (ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാ.ധാ)നം. 2062/10 ത.സ്വ.ഭ.വ തീയതി 22-06-2010 | 6600000 | 4449836 | 700000 | | 3749836 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 150365 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 150365 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 150365 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| സ്ഥിര നിക്ഷേപം,തട്ടുക്കശ്ശേരി സർവ്വീസ് സഹകരണബാങ്ക്,കേരളശ്ശേരി | 150365 | 22243 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39560027 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37169255 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി-12/467/2003/ 03-07-2003 | F.R |
| 1997-98 | എൽ.എഫ്.പി.12/505/2003/ 05-072003 | F.R |
| 1998-99 | എൽ.എഫ്.പി.12/999/05/ 15-02-2006 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.പി.12/1683/07/ 21-01-2008 | F.R |
| 2000-01 | എൽ.എഫ്.പി.12/1684/07/ 21-01-2008 | F.R |
| 2001-02 | എൽ.എഫ്.പി.12/80/09/ 18-08-2009 | F.R |
| 2002-03 | എൽ.എഫ്.പി.12/81/09/ 26-06-2009 | F.R |
| 2003-04 | എൽ.എഫ്.പി.17/228/10 /22-09-2010 | F.R |
| 2004-05 | എൽ.എഫ്.പി.17/1460/10/ 16-08-2010 | F.R |
| 2005-06 | എൽ.എഫ്.പി.17/567/10/ 27-10-2010 | FR |
| 2006-07 | എൽ.എഫ്.പി.12/85/2009/ 05-02-2010 | FR |
| 2007-08 | എൽ.എഫ്.പി.17/1202/10/ 14-07-2011 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.17/1203/ 2010/14-07-2011 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.പി.17/748/12/ 03-07-2012 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി.17/1436/13/ 06-11-13 | FR |
| 2011-12 | എൽ.എഫ്.പി.17/232/14/ 07-03-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.17/390/15/ 18-05-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി17/1010/16 തീ.15.07.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി17/2140/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്
തിയതി -31-12-2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. വിവിധ സ്ഥാവര ജംഗമ ആസ്തികളുടെ മൂല്യവും കൊടുത്തു തീർക്കാനുള്ള തുകകളുടെ വിവരങ്ങളും ചേർത്ത് ആസ്തി ബാധ്യതകൾ പൂർണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD17/2140/2016

Kerala State Audit Department
District Audit Department
District Audit Office
Palakkad
Date – 31.12.2016

## Audit Certificate

Certified that I have examined the Annual Financial Statement of KERALASSERRY GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of KERALASSERRY GRAMA PANCHAYATH prepared in accordance with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

## Abstract of defects

1. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director